പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3282 14.10.2011-ൽ മറുപടിയ്ക്ക്

ഇൻറർകണക്ടിവിറ്റി ലിങ്ക് ഉള്ള സബ്സ്റ്റേഷനുകൾ.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| സംസ്ഥാനത്തെ സബ്സ്റ്റേഷനുകളിൽ എത്ര ഗ്രിഡിൽ നിന്നും വൈദ്യുതി എത്താനുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; രണ്ട് ഇൻറർ കണക്ടിവിറ്റി ലിങ്ക് എത്ര സബ്സ്റ്റേഷനുകളിലാണുള്ളത് ; രണ്ട് ഗ്രിഡിൽ നിന്നും വൈദ്യുതി എത്താനുള്ള സംവിധാനമുണ്ടാക്കിയാൽ, ഒരു ഗ്രിഡിൽ നിന്നും വൈദ്യുതി ലഭിക്കാതെ വന്നാൽ രണ്ടാമത്തെ ഗ്രിഡിൽ നിന്നും വൈദ്യുതി എത്തിച്ച് ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | ദക്ഷിണേന്ത്യയിൽ കേരളം, തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങൾക്ക് കൂടി ഒറ്റ ഗ്രിഡാണ് നിലവിലുള്ളത്. ഇതിൽ കേരളവും തമിഴ്നാടും തമ്മിൽ രണ്ട് 400 കെ. വി. കണക്ടിവിറ്റിയും നാല് 220 കെ. വി കണക്ടിവിറ്റിയും കർണ്ണാടകവുമായി ഒരു 220 കെ. വി കണക്ടിവിറ്റിയുമാണുള്ളത്. ഇതു കൂടാതെ 110 കെ. വി യിൽ തമിഴ്നാടുമായും കർണ്ണാടകയുമായും ഓരോ ഫീഡർ നിലവിലുണ്ട്. ഒരു ഗ്രിഡ് മാത്രം ഉള്ളതിനാൽ മറ്റു ഗ്രിഡിൽ നിന്നും വൈദ്യുതി എത്തിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ.